കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9-2021/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർജില്ല,
ഫോൺ:0497 2707698
തീയ്യതി:03-01-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം).

തില്ലങ്കേരി ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം: തില്ലങ്കേരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 എന്നീ ഭാഗങ്ങളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പ്രതി.

ceeyar/

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9-2021/16 തീയതി: 03-01-2017.

# കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ വരവ് ചെലവ്

# കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.11.2016 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ അശോകൻ മാത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 08.11.2016 മുതൽ 16.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.കെ വി പ്രമോദ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.രഘുനാഥ് സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനീത് കുമാർ കെ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ. ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി പി.കൗസല്യ ടീച്ചർ | 01.04.15മുതൽ31.10.15വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | ശ്രീ വി.അശോകൻ, സെക്രട്ടറി<br>ശ്രീ സതീഷ്കുമാർ.ഡി, കൃഷി ഓഫീസർ<br>ശ്രീമതി ടി.റീജ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 01.11.15മുതൽ31.12.15വരെ |
| പ്രസിഡന്റ് | പി.പി.സുഭാഷ് | 12.11.15മുതൽ31.03.16വരെ |
| സെക്രട്ടറി | ശ്രീ വി.അശോകൻ | 01.04.15മുതൽ31.03.16വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | കാലയളവ് | നിലവിലെ ഔദ്യോഗിക മേൽവിലാസം, | സ്ഥിര മേൽവിലാസം,പിൻ കോഡ് സഹിതം |
|---|---|---|---|---|
| 1 | ശ്രീ.വി.അശോകൻ | 1/4/15 - 31/3/16 | സെക്രട്ടറി,ഗ്രാമ പഞ്ചായത്ത് | തൈപറമ്പത്ത് ഹൗസ്, മക്രേരി.പി.ഒ., വെള്ളച്ചാൽ, പിൻ.670622 |
| 2 | ശ്രീ.കെ.പി.സുധീർ | 1/4/15 - 31/3/16 | അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | കാരപ്രത്ത് പുത്തൻ പുരയിൽ, കൊളോളം, എടയന്നൂർ.പി.ഒ, പിൻ.670695 |
| 3 | ശ്രീ.സതീഷ് കുമാർ | 01/04/15 - 31/3/16 | കൃഷി ഓഫീസർ | അനക്കുളത്ത് പുത്തൻ വീട്, അനക്കുളം പി.ഒ., അഞ്ചൽ,കൊല്ലം ജില്ല. |
| 4 | ഡോ.പ്രശാന്ത്.പി.വി | 1/4/15 -29/04/15 & 29.5.15- 1.8.15 | മെഡിക്കൽ ഓഫീസർ, ആരോഗ്യം | പുത്തൻ വീട്ടിൽ ഹൗസ്, എസ്.എം.ഹോസ്പിറ്റലിന് സമീപം, പയഞ്ചേരി, ഇരിട്ടി. പി.ഒ. പിൻ.670703 |
| 5 | ഡോ.ശാലിനി.എ. | 29/04/15 -29/05/15 | മെഡിക്കൽഓഫീസർ, ആരോഗ്യം | പഞ്ചമി,സനാതന വാർഡ്, ആലപ്പുഴ, പിൻ.688001 |
| 6 | ഡോ.ജാസിം സലിം | 1/8/15 - 10/03/16 | മെഡിക്കൽഓഫീസർ, ആരോഗ്യം | നെല്ലിപരക്കനിൽ ഹൗസ്, പുനലൂർ, കരിയറ, കൊല്ലം. |

| | | | | |
|---|---|---|---|---|
| 7 | ഡോ.സഫർ ഇക്ബാൽ.പി.പി. | 10/03/16 -31/03/16 | മെഡിക്കൽഓഫീസർ, ആരോഗ്യം | പി.പി.ഹൗസ്, പരപ്പ, കോഴിക്കോട്.പിൻ.673001 |
| 8 | ഡോ.അമർനാഥ്.പി. | 1/4/15 -09/09/2015 | മെഡിക്കൽ ഓഫീസർ, ആയുർവേദം | അശ്വിനം, തെഴക്കിലെ പീടിക, താഴെ ചൊവ്വ പി.ഒ., പിൻ.670018 |
| 9 | ഡോ.റുബീന.എ.വി | 09/09/2015-31 /03/16 | മെഡിക്കൽഓഫീസർ, ആയുർവേദം | സ്നേഹ, കീഴാൽ പി.ഒ., വടകര, പിൻ.673104. |
| 10 | ഡോ.ആഷ.കെ.പി | 1/4/15 -30/12/15 | വെറ്ററിനറി സർജൻ | ഐശ്വര്യ, ശങ്കരനെല്ലൂർ, പി.ഒ.ശങ്കരനെല്ലൂർ, കൂത്തുപറമ്പ്, പിൻ.670643 |
| 11 | ഡോ.അനിഷ് രാജൻ | 30/12/15 -31/03/16 | വെറ്ററിനറി സർജൻ | ഇലഞ്ഞിവേലിൽ, പെരുവേലിൽ ഹൗസ്, തോട്ടഭാഗം. പി.ഒ, തിരുവല്ല, പിൻ.689541 |
| 12 | ശ്രീമതി റീജ.ടി | 1/4/15 -31/3/16 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ചന്ദ്ര നിവാസ്, മാങ്ങാട്ടിടം, പി.ഒ. മാങ്ങാട്ടിടം, കൂത്തുപറമ്പ്, പിൻ.670643 |
| 13 | ശ്രീ.ഷാജീവൻ.പി. | 1/4/15 -31/3/16 | വി.ഇ.ഒ. | ഗുരുകൃപ, ആനപ്പാറ, പുന്നാട്.പി.ഒ., ഇരിട്ടി, പിൻ.670703 |
| 14 | ശ്രീ.രാജീവൻ.പി.കെ | 1/4/15 -31/3/16 | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ് | അമരാവതി, ചമ്പാട്.പി.ഒ., കണ്ണൂർ. പിൻ.670694 |
| 15 | ശ്രീ.ബാബു പ്രസാദ്.ആർ. | 1/4/15 -06/07/15 | അസിസ്റ്റന്റ് എഞ്ചിനിയർ | ധന്യ ഭവൻ, കരിക്കൽ, കരിമ്പിൻപുഴ.പി.ഒ., കൊട്ടാരക്കര, പിൻ.691507 |
| 16 | ശ്രീ.ബിബിൻ ഡേവി | 07/07/15 -08/10/15 | അസിസ്റ്റന്റ് എഞ്ചിനിയർ | T C-4/1471 ആ2, കവടിയാർ പി.ഒ., തിരുവനന്തപുരം. പിൻ 695003 |
| 17 | ശ്രീ.മനോഹരൻ മാണിക്കോത്ത്. | 09/10/15 -31/3/16 | അസിസ്റ്റന്റ് എഞ്ചിനിയർ | ആശ്വാസ്, പി.ഒ.ഉരുവച്ചാൽ, മട്ടന്നൂർ വഴി. പിൻ.670702. |

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്ഥാപനം | തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് |

| | |
|---|---|
| വിസ്തീർണ്ണം | 25.06 ച.കി.മീ.. |
| ജനസംഖ്യ | 14518 |
| വാർഡുകളുടെ എണ്ണം | 13 |
| ആകെ ജീവനക്കാരുടെ എണ്ണം | 11 |
| സ്ഥിര ജീവനക്കാർ | 11 |
| താൽക്കാലികം | 1 |
| കരാറടിസ്ഥാനത്തിൽ | 4 |
| ആകെ | 16 |

ഉള്ളടക്കം



| ക്രമ നം | ഭാഗം | ഖണ്ഡിക നം |
|---|---|---|
| | ഭാഗം I പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണ സംവിധാനം - അവലോകനം | 1-11 |
| 12 | പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല | 1-12 |
| 13 | അക്വിറ്റൻസ് സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-13 |
| | ഭാഗം II വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | കെട്ടിട നികുതി കുടിശിക ഈടാക്കാൻ നടപടി ത്വരിതപ്പെടുത്തേണ്ടതാണ് | 2-1 |
| 15 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. | 2-2 |
| 16 | പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-3 |
| 17 | ഇ-ടെണ്ടർ ഫീസ് തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുന്നില്ല | 2-4 |
| 18 | വിഷയം D & Oലൈസൻസ് വിതരണം കാര്യക്ഷമമല്ല | 2-5 |

| | | |
|---|---|---|
| 19 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം | 2-6 |
| 20 | ദുരിതാശ്വാസ നിധി - പ്രവർത്തനം കാര്യക്ഷമമല്ല | 2-7 |
| 21 | മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിട വാടക ഈടാക്കാക്കേണ്ടതാണ് | 2-8 |
| 22 | മൊബൈൽ ടവറുകളുടെ വസ്തു നികുതി -നികുതി പുനർ നിർണ്ണയം നടത്തി നാളിതുവരെ ഈടാക്കാത്തത് സംബന്ധിച്ച്- | 2-9 |
| | ഭാഗം III ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം - സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനം 47163 രൂപ തടസ്സപ്പെടുത്തുന്നു | 3-1 |
| 24 | സ്കൂളുകൾക്ക് പത്രവിതരണം - അനുബന്ധ രേഖകളുടെ അഭാവത്തിൽ 45000 രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 25 | വിനിയോഗ വിവരം ലഭ്യമല്ല 555000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 26 | കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ 38354/-രൂപ ഈടാക്കേണ്ടതാണ് | 3- 4 |
| 27 | പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ വാങ്ങൽ -നിർവ്വഹണ അപാകതകൾ | 3-5 |
| 28 | അസാധാരണ ചെലവുകൾ- സർക്കാർ ഉത്തരവിന് വിരുദ്ധം-തുക 12000 രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 29 | ആശ്രയ പദ്ധതി - പ്രവർത്തനം കാര്യക്ഷമമല്ല | 3-7 |
| 30 | ഇ.എം.എസ് ഭവനപദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 3-8 |
| | ഭാഗം IV ഓഡിറ്റ് പ്രത്യവലോകനം | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | Annexure-1 |

| | | |
|---|---|---|
| 41 | ബാലൻസ് ഷീറ്റ് | Annexure-2 |
| 42 | ഇൻകം ആൻറ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് | Annexure-3 |
| 43 | റസീപ്റ്റ് ആൻറ് പെയ്മെൻറ് സ്റ്റേറ്റ്മെൻറ് | Annexure-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് നമ്പർ.50/15. തീയ്യതി.28/03/2015 പ്രകാരം ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ ത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5,60,000 | 83,22,476.30. | 7,76,24,763.00 | |
| വരവ് | 4,60,97,000 | 1,56,46,094.00 | | 3,04,50,906.00 |
| ആകെ | 4,66,57,000 | 2,39,68,570.30 | | 2,26,88,429.70 |
| ചെലവ് | 4,60,25,000 | 2,10,12,536 | | 2,50,12,464.00 |
| നീക്കിയിരിപ്പ് | 6,32,000 | 29,56,034.30 | 23,24,034.30 | |

.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-7-2016 | 29-7-2016 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2015-16 | 15-11-2016 | വിശേഷണങ്ങളോട് കൂടിയത് |

2015 -16 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. പഞ്ചായത്ത് ഫണ്ട് മൈനസ് ആയാണ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്
2. ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക

ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
4. ഗവൺമെന്റ് ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
5. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ വാറ്റ്, ഐറ്റി, ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.
6. വൗച്ചറുകൾ ഫണ്ടുകളുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.
7. തൻവർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് (ഓപ്പണിംഗ് സ്റ്റോക്ക്, സ്റ്റോർ പർച്ചേയ്സ്, ക്ലോസിംഗ് സ്റ്റോക്ക്) തയ്യാറാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. 2014-15 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.
9. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.
10. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.
11. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
12. സാമ്പത്തിക പത്രികകളിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 83,22,476.30 |
| വരവ് | 1,56,46,094.00 |
| ആകെ | 2,39,68,570.30 |
| ചെലവ് | 2,10,12,536.00 |
| നീക്കിബാക്കി | 29,56,034.30 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 16,11,932 | 5905,248 | 7517,180 | 52,88,354 | 0 | 30,74,896 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 3,54,089 | 7,36,089 | 10,90,178 | 6,58,867 | 0 | -3,54,089 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 3,59,370 | 13,26,661 | 16,86,031 | 5,75,838 | 0 | -3,39,661 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 4,94,103 | 29,20,000 | 34,14,103 | 32,22,323 | 0 | | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 3,85,251 | 19,80,000 | 23,65,251 | 16,09,142 | 0 | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 14,94,283 | 45,96,331 | 60,90,614 | 22,06,376 | 0 | -21,80,649 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2,00,497 | 2,00,497 | 4,00,994 | 2,00,497 | 0 | -2,00,497 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 35,898 | 67,34,654 | 67,70,552 | 67,34,114 | 540 | | 0 |
| ബി ഫണ്ട് | 0 | 4,66,420 | 4,66,420 | 4,66,420 | 0 | | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിൻറെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 98 | 57 | 11 | 30 | 69 |

## 1-7 തനത് വരുമാനം

ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ട് വളരെ ശുഷ്കമാണ്. മുൻവർഷത്തെ അപേക്ഷിച്ച് ഒരു വർഷം തനതു ഫണ്ടിൽ 4%ത്തോളം കുറവുമുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 12,40,388 | 11,94,305 | (-)46,083 |
| നികുതിയേതര വരവുകൾ | 2,60,851 | 2,455,530 | (-)15,321 |
| മറ്റു വരവുകൾ (ജനറൽ പർപ്പസ് ഫണ്ട്) | 7,051 | 10,306 | + 3,255 |
| ആകെ | 15,08,290 | 14,50,141 | 58,149 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | | 215 |

| | | |
|---|---|---|
| | 3,26,760 | |
| കർഷക തൊഴിലാളി പെൻഷൻ | 56,79,330 | 714 |
| വിധവാ പെൻഷൻ | 46,40,480 | 529 |
| വാർധക്യ കാല പെൻഷൻ | 41,67,390 | 513 |
| വികലാംഗ പെൻഷൻ | 19,86,840 | 201 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 72 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ്നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയ്യതി |
|---|---|---|---|
| പെർഫോമെൻസ് ഓഡിറ്റ് | 08/02/16 | 01/12/15 - 31/01/15 | ലഭ്യമാക്കിയിട്ടില്ല |

## 1-11 ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനം - അവലോകനം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

1. മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്റർ സെക്ഷനുകളിൽ ഓഡിറ്റ് വര്ഷം സൂക്ഷിച്ചിട്ടില്ല. നോട്ട് ഫയൽ സൂക്ഷിച്ചുവരുന്നുണ്ട്. അതുപോലെ തന്നെ എം.ഒ.പി ഖണ്ഡിക-135 പ്രകാരം ഓഫീസിലെ രേഖകൾ സൂക്ഷിക്കാൻ ആവശ്യമായ റിക്കാർഡ് റൂം ഗ്രാമപഞ്ചായത്തിലില്ല. എം.ഒ.പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല. എം.ഒ.പി 154(2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചുവരുന്നില്ല.
2. കേരള ഫിനാൻഷ്യൽ കോഡ് വോള്യം-I ആർട്ടിക്കിൾ 156,157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ്, റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം-I ആർട്ടിക്കിൾ 150 പ്രകാരം സൂക്ഷിക്കേണ്ട ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിതരണ പതിവേട് സൂചിക സോഫ്റ്റ്വെയറിൽനിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചുവരുന്നുണ്ട്.
3. 02-07-2009 ലെ ജി ഒ (എം.എസ്) 123/2009 തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം വിളിച്ചു ചേർക്കേണ്ട പ്രതിമാസ യോഗം 2015-16 ൽ വിളിച്ചു ചേർത്തതായുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-12 പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിന ശേഷം 6 മാസത്തിനകം പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ സംബന്ധിച്ച പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 അക്വിറ്റൻസ് സൂക്ഷിക്കുന്നതിലെ അപാകതകൾ

പഞ്ചായത്ത് ജീവനക്കാരുടെ പ്രതിമാസ ശമ്പളം വിതരണം ചെയ്യുമ്പോൾ അക്വിറ്റൻസ് റജിസ്റ്ററിൽ ആകെ ശമ്പളം, ശമ്പളം വിതരണം ചെയ്ത തീയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല. കൂടാതെ കേരള ട്രഷറി കോഡ് വാല്യം I ചട്ടം 432(a) ലെ നിബന്ധനകൾ അനുസരിച്ച് അക്വിറ്റൻസ് പരിശോധിച്ച് ബോധ്യപ്പെട്ടതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നികുതി കുടിശിക ഈടാക്കാൻ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

2015-16 വർഷത്തെ കെട്ടിട നികുതിയുടെ ഡി സി ബി രജിസ്റ്റർ, കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല സഞ്ചയ സോഫ്റ്റ്‌വെയറിൽ ആയതിന്റെ വാർഷിക സംക്ഷിപ്തവും ലഭ്യമല്ല. ഗ്രാമ പഞ്ചായത്തിന്റെ പ്രസ്തുത വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കെട്ടിട നികുതി ഇനത്തിൽ 1,36,200 രൂപ ഈടാക്കുവാൻ ബാക്കിയുണ്ട്. തനതു ഫണ്ട് ശുഷ്കമായ പഞ്ചായത്തിൽ കിട്ടാനുള്ള നികുതി പിരിച്ചെടുക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്ക്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തനത്

വരുമാനം നന്നേ കുറവായ പഞ്ചായത്തിൽ ദൈനംദിന ആവശ്യങ്ങൾക്ക് പോലും ഫണ്ട് തിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. അയതിനാൽ അനിവാര്യ സേവനങ്ങൾ നൽകുന്നതിനാവശ്യമായ ചെലവിന് ആനുപാതിക രീതിയിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുമരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ എതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ,പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ -209 പ്രകാരം പരസ്യ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പരസ്യ നികുതി ഒരു വരവ് ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബൈലോ നിർമ്മിക്കുകയോ പരസ്യ നികുതി ഈടാക്കുവാൻ ആവശ്യമായ മറ്റു തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

## 2-4 ഇ-ടെണ്ടർ ഫീസ് തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം 2 പ്രവ്യത്തികൾ ഇ-ടെണ്ടർ ചെയ്തതിൽ ടെണ്ടർ ഫീസ് ഇനത്തിൽ ഈടാക്കിയ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 D & O ലൈസൻസ് അപാകങ്ങൾ

പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു (കേരള പഞ്ചായത്ത് രാജ് വകുപ്പ് 232). എല്ലാ വർഷവും ഫെബ്രുവരി മാസത്തിലാണ് അടുത്ത ഏപ്രിൽ മുതൽ ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലേക്ക് പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കി. (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

എന്നാൽ 2015-16 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ ഭൂരിഭാഗവും നിശ്ചിത സമയത്തിനു ശേഷമാണ് ലൈസൻസ് പുതുക്കി നൽകിയത് . പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ ഉതകുന്ന ഒരു സംവിധാനവും ലഭ്യമല്ല. 1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി (വാർഡ് അടിസ്ഥാനത്തിൽ) സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വൈകി അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് ബിലേറ്റഡ് ഫീസ് മാത്രം വാങ്ങി ലൈസൻസ് വിതരണം ചെയ്ത് നിയമ ലംഘനത്തെ സാധൂകരിക്കുന്ന രീതിയാണ് പഞ്ചായത്ത്

അവലംബിച്ചിരിക്കുന്നത്.

ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന നിലയിൽ മുന്നോട്ട് പോകുമ്പോൾ ലൈസൻസ് എടുക്കാതെ ജനങ്ങൾ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉണ്ടാവുകയും തൻവർഷം ഫീസിനത്തിൽ ലഭിക്കേണ്ട വരുമാനം ലഭിക്കാതെ പോവുകയും ചെയ്യുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവൃത്തി ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് അത്തരക്കാർക്കും നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി യോഗം ചേരുകയും ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക നിശ്ചിത സമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ യോഗത്തിൽ ചർച്ച ചെയ്യേണ്ടതുമാണ്. സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്. ലൈസൻസ് വിതരണം ചെയ്യുമ്പോൾ അതിൽ ഫെബ്രുവരി 28 നുള്ളിൽ പുതുക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തി കൊടുക്കേണ്ടതാണ്. ഡി&ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോാധന നടത്തി അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്തേണ്ടതാണ് എന്നുള്ള സർക്കുലർ (66562/RC3/12/ തസ്വഭവ തിയ്യതി 10.01.2013) പാലിക്കപ്പെടേണ്ടതാണ്.

ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക എന്നതിനു പകരം ഫെബ്രുവരി മാസത്തിൽ ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം

2014-15 വർഷത്തെ ലൈബ്രറി സെസ് ഇനത്തിൽ ₹23076. 23/1/2016 നാണ് ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടുള്ളത്. 2015-16 വർഷത്തെ ലൈബ്രറി സെസ് ഓഡിറ്റ് തീയതി വരെ ഒടുക്കിയിട്ടില്ല. സർക്കുലർ നമ്പർ 10088/ എൽ3/05/ത.സ്വ.ഭ.വ.20.9.2015 പ്രകാരം എപ്രിൽ 30നകം ഒന്നാം ഗഡുവും രണ്ടാമത്തെ ഗഡു നവമ്പർ 30 നകവും ഒടുക്കേണ്ടതാണ്. ലൈബ്രറി സെസ് താമസം കൂടാതെ ഒടുക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-7 ദുരിതാശ്വാസ നിധി - പ്രവർത്തനം കാര്യക്ഷമമല്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ

പ്രകാരം ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമല്ല നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 24180 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ നാളിതുവരെയായി പ്രസ്തുത ഫണ്ടിൽ നിന്നും ആർക്കും തന്നെ ധനസഹായം അനുവദിച്ചിട്ടില്ല. അടിയന്തിര ഘട്ടത്തിൽ ധനസഹായം എത്തിക്കുന്നതിന് രൂപീകരിക്കപ്പെട്ട ഈ നിധിയുടെ പ്രവർത്തനം ഗ്രാമ പഞ്ചായത്തിൽ കാര്യക്ഷമമല്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-8 മിനി വ്യവസായ എസ്റ്റേറ്റ് - കെട്ടിടവാടക ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള മിനി വ്യവസായ എസ്റ്റേറ്റിലെ 3 കെട്ടിടങ്ങളിൽ ഒരെണ്ണം ഖാദി നൂൽ നൂൽപ്പ് കേന്ദ്രം ആയും ഒരെണ്ണം ആട് വളം സംസ്കരണ യൂണിറ്റായും പ്രവർത്തിക്കുന്നതായി തീയതിയിൽ ഓഡിറ്റിന്റെ ഭാഗമായി 10-11-2016 ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ഒരെണ്ണം നാളിതുവരെ ഉപയോഗക്ഷമമാക്കിയിട്ടില്ല. ഉപയോഗക്ഷമമാക്കിയ കെട്ടിടങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്ത് ഇതുവരെ വാടക ഈടാക്കുകയോ, പ്രസ്തുത സംരംഭകരുമായി വാടക കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല ഒഴിവുള്ള കെട്ടിടം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു സ്വകാര്യ വ്യക്തിയുടെ അപേക്ഷ പ്രാരംഭ നടപടി പൂർത്തിയാക്കി പരസ്യലേലം ചെയ്യാമെന്ന തീരുമാനത്തോടെ 10-01-2016ലെ ഭരണ സമിതി മാറ്റി വയ്ക്കുകയാണുണ്ടായത്. മിനി വ്യവസായ എസ്റ്റേറ്റ് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി എന്ന് വ്യക്തമാക്കുന്ന ഒരു ബോർഡ് പോലും സ്ഥാപിച്ചിട്ടില്ല വൻതുക ചെലവിട്ട് നിർമ്മിച്ച പ്രസ്തുത മിനി വ്യവസായ എസ്റ്റേറ്റ് പരിപാലിക്കുന്ന കാര്യത്തിലും, തനതു ഫണ്ട് ശുഷ്കമായ ഗ്രാമ പഞ്ചായത്തിന് വരുമാന വർദ്ധനവിനുള്ള ഒരു ഘടകമെന്ന നിലയിൽ ആയതിനെ മാറ്റി എടുക്കുന്നതിനും ഭരണസമിതി വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല, സംബന്ധിച്ച് ഒരു ബൈലോ അംഗീകരിക്കേണ്ടതിലേക്കും സംരംഭകരുടെ വാടക കരാറിൽ ഏർപ്പെട്ട ഒരു നിശ്ചിത വാടക ഈടാക്കേണ്ടതിലേക്കും ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-9 മൊബൈൽ ടവറുകളുടെ വസ്തു നികുതി -നികുതി പുനർ നിർണ്ണയം നടത്തി നാളിതുവരെ ഈടാക്കാത്തത് സംബന്ധിച്ച്-

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി വിവിധ മൊബൈൽ കമ്പനികളുടെ 3 ടവറുകൾ സ്ഥാപിച്ചിട്ടുണ്ട് ആയവയിൽ 2 ടവറുകളുടെ വസ്തുനികുതി മാത്രമെ നികുതി പുനർ നിർണ്ണയം നടത്തി ഈടാക്കിയിട്ടുള്ളു. ശേഷിക്കുന്നവയുടെ നികുതി പുനർ നിർണ്ണയം നടത്തി ച.മീ. ന് 450/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | വിസ്തീർണ്ണം | സ്ഥാപനത്തിന്റെ പേര് | പഴയ നികുതി | പുതിയ നികുതി | കുടിശിക. |
|---|---|---|---|---|---|---|
| 1 | VII/361 E | 29ച.മീ | ടവർ വിഷൻ | 7536/- | നിർണ്ണയിച്ചിട്ടില്ല | ഈടാക്കി യിട്ടില്ല |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം - സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനം 47163 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 101/16 |
| പ്രൊജക്റ്റിന്റെ പേര് | വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 100000 രൂപ(വികസനഫണ്ട് -SCP) |
| ചെലവ് തുക | 95163 രൂപ |
| ബിൽ നമ്പർ/ തീയതി | 08/2015-16തീയതി 30-03-2016 |
| DD നമ്പർ/തീയതി | 427755/31-03-2016 |

പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 12 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് സിഡ്കോയിൽ നിന്നും മേശയും കസേരയും വാങ്ങുന്നതിനു 95163 രൂപ ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം. ജി.ഓ. (എം. എസ്.) ത സ്വ ഭ വ 362/13 തീയതി 16-11-13 ഖ. 6-8(3)പ്രകാരം പട്ടികജാതി വിദ്യാർഥികൾക്കു മേശയും കസേരയും വാങ്ങി നൽകുന്നതിന് നൽകാവുന്ന ധനസഹായം 4000 രൂപയാണ്. അതുപ്രകാരം 12 x 4000 = 48000 രൂപയെ ഈയിനത്തിൽ ചെലവഴിക്കാവൂ. 95163 രൂപ ചെലവഴിച്ചതുവഴി അധികമായി 47163 രൂപ ചെലവഴിച്ചിട്ടുണ്ട് മാർഗ്ഗരേഖയിൽ അധികമായി ചെലവഴിച്ച 47163 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 സ്കൂളുകൾക്ക് പത്രവിതരണം - അനുബന്ധ രേഖകളുടെ അഭാവത്തിൽ 45000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 35/16,37/16 |
| പ്രൊജക്റ്റിന്റെ പേര് | സാമൂഹ്യ വിദ്യാഭ്യാസ യജ്ഞം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 53000 + 50000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ് തുക | 22500 + 22500 രൂപ |
| ബിൽ നമ്പർ/ തീയതി | 03/2015-16തീയതി 26-03-2016<br>06/2015-16തീയതി 26-03-2016 |
| DD നമ്പർ/തീയതി | 427754/31-03-2016<br>427751/31-03-2016 |

